പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3464

21/12/2012-ൽ മറുപടിക്ക്

കുടുംബശ്രീയുടെ ശാക്തീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരി ക്കുന്നതിനുമായി അനുവദിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് 84.17 കോടി രൂപ പ്ലാൻ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ അംഗീകരിക്കുകയും നാളിതുവരെയായി 45 കോടി രൂപ അനുവദിച്ചു നൽകിയിട്ടുമുണ്ട്. കൂടാതെ ഭവനശ്രീ ലോൺ വായ്പ തിരിച്ചടവിനായി 26.39 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. എഴുവർഷത്തെ കാലാവധിയുള്ള എൻആർഎൽഎം പദ്ധതിയുടെ ആകെ അടങ്കൽ തുക 1160.13 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായ 43.88 കോടി രൂപയുടെ 50% ആയ 21.94 കോടി രൂപ ആദ്യ ഗഡുവായി കേന്ദ്ര സർക്കാരിൽ നിന്നും കുടുംബശ്രീക്ക് അനുവദിച്ച് ലഭിച്ചിട്ടുണ്ട്. എൻആർഎൽഎം പദ്ധതിയുടെ ഉപപദ്ധതിയായ എംകെഎസ്പി പദ്ധതിയുടെ ആകെ അടങ്കൽ തുക 79.9 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായി 9.03 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്